# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **6048** | 02.04.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. കൗൺസിലിൽ നടത്തിയ ഇടപെടലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, വി.എസ്.ശിവകുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി ഏർപ്പെടുത്തിയപ്പോൾ ജി.എസ്.ടി. കൗൺസിലിൽ ഇടപെട്ടുകൊണ്ട് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി തീരുമാനങ്ങൾ എടുപ്പിക്കുന്നതിന് സർക്കാരിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ചരക്ക സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണ ഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി.യിൽ ലയിപ്പിച്ച എക്സൈസ്, സി.എസ്.ടി., വാറ്റ്, സർവ്വീസ് ടാക്സ് എന്നിവയെല്ലാമെടുത്താൽ, ജി.എസ്.ടി. ഏർപ്പെടുത്തുന്നതിന് മുമ്പ് ചരക്കിന്മേൽ ഉണ്ടായിരുന്ന ശരാശരി നികുതി നിരക്കിനേക്കാൾ എന്ത് കുറവാണ് ജി.എസ്.ടി. ഏർപ്പെടുത്തിയശേഷം ഉണ്ടാകേണ്ടതെന്നറിയിക്കാമോ; | (ബി) | ജി.എസ്.ടിക്ക് മുമ്പ് എക്സൈസ്, സി.എസ്.ടി, വാറ്റ്, സർവ്വീസ് ടാക്സ് എന്നിവയെല്ലാം ചേർത്ത് മിക്ക സാധനങ്ങൾക്കും ഏകദേശം 30 ശതമാനത്തോളം നികുതി ബാദ്ധ്യത ഉണ്ടായിരുന്നു. എന്നാൽ ജി.എസ്.ടിയിൽ ഏറ്റവും കൂടിയ നികുതി നിരക്ക് 28% ആണ്. ഏകദേശം 50 ൽ താഴെ സാധനങ്ങൾക്കുമാത്രമേ 28% നികുതി നിരക്ക് ബാധകമുള്ളൂ. റവന്യൂ ന്യൂട്രൽ നിരക്ക് 18% ആണ്. കൂടുതൽ സാധനങ്ങളുടേയും നികുതി നിരക്ക് 18% ഉം അതിൽ താഴെയുമാണ്. ഇത് ജി.എസ്.ടിക്ക് മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കുറവാണ്. |
| (സി) | അപ്രകാരമുള്ള കുറവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;വിശദാംശം ലഭ്യമാക്കുമോ? | (സി) | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**